# AMRITA VIDYALAYAM

## HALF YEARLY EXAMINATION 2018 - '19

**Class : X** **Marks : 80**

**Time : 3 hrs**

# മലയാളം

| GENERAL INSTRUCTIONS: | |
|---|---|
| This question paper is divided into four sections. | |
| Section A: Reading comprehension | - 10 Marks. |
| Section B: Writing | - 16 Marks. |
| Section C: Grammar | - 17 Marks. |
| Section D: Literature | - 37 Marks. |

## എ വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** 10

'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്, മതമേതായാലും മനുഷ്യൻ നന്നായാൽ മതി. ജാതി ചോദിക്കരുത്, പറയരുത്, ചിന്തിക്കരുത്, വിദ്യകൊണ്ട് സ്വതന്ത്രരാകുവിൻ' – തുടങ്ങിയ ഗുരുവചനങ്ങൾ കേരളീയ സാംസ്കാരിക നവോത്ഥാനത്തിന് ആണിക്കല്ലും മൂലക്കല്ലും നെടുംതൂണും മേൽക്കൂരയുമായി വർത്തിച്ചു. ശ്രീനാരായണ ധർമ്മപരിപാലനസംഘം – ഈഴവർക്കു വേണ്ടിയല്ല ശ്രീനാരായണ ധർമ്മത്തിൽ വിശ്വസിക്കുന്ന ജാതിമതഭേദമന്യേ സകലർക്കും വേണ്ടിയാണെന്ന് ഗുരു ശക്തമായി പ്രഖ്യാപിച്ചപ്പോൾ മുന്നിൽ കണ്ടത് ഈ സംഘത്തിലൂടെ മനുഷ്യരുടെ മുഴുവൻ നന്മയും പ്രകാശവുമാണ്. അധഃസ്ഥിത വർഗത്തിനു മാത്രമല്ല സർവ്വ മനുഷ്യർക്കും വേണ്ടിയാണ് ശ്രീനാരായണഗുരുവിന്റെ ആയുസ്സും വപുസ്സും വിനിയോഗിച്ചത്. വഴിനടപ്പു സ്വാതന്ത്ര്യം, വിദ്യാഭ്യാസ സ്വാതന്ത്ര്യം, ആരാധനാ സ്വാതന്ത്ര്യം, സർവ്വോപരി ജീവിതസ്വാതന്ത്ര്യം ഇവയ്ക്കെല്ലാമായിരുന്നു ഗുരു ദർശനങ്ങൾ ഊന്നൽ നൽകിയത്. ശ്രീനാരായണ ഗുരുവിന്റെ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ മൂന്നു നാലു പതിറ്റാണ്ടുകളായി കൈവരിച്ച സാംസ്കാരിക സാമൂഹിക പുരോഗതിയുടെ ഒരംശംപോലും അതിനുശേഷം നൂറ്റാണ്ടു കടന്നിട്ടും പരിഷ്കൃതകേരളത്തിലെ സാമൂഹിക–സാംസ്കാരിക–രാഷ്ട്രീയ സംഘടനകൾക്ക് നേടാൻ കഴിഞ്ഞില്ലെന്നതാണ് സത്യം. ശ്രീനാരായണ ഗുരു ജനിക്കാത്ത കേരളം 'ഭ്രാന്താലയം' തന്നെയായി ഇന്നും അവശേഷിക്കുമായിരുന്നു.

1. പരിഷ്കൃത കേരളത്തിലെ സാമൂഹിക സംഘടനകൾക്ക് നേടാൻ കഴിയാത്തത് എന്തൊക്കെയാണ്?
2. കേരളീയ സാംസ്കാരിക നവോത്ഥാനത്തിന് ആണിക്കല്ലും മൂലക്കല്ലും നെടുംതൂണും മേൽക്കൂരയുമായി വർത്തിച്ചതെന്ത്?
3. ഗുരുദർശനങ്ങൾ പ്രധാനമായും ഊന്നൽ നൽകിയത് എന്തെല്ലാമായിരുന്നു?
4. ഗുരുവിന്റെ ആയുസ്സും വപുസ്സും വിനിയോഗിച്ചത് എന്തിനുവേണ്ടിയായിരുന്നു?
5. ഈ ഖണ്ഡികയ്ക്കു ഉചിതമായ ശീർഷകം നൽകുക.

## ബി. വിഭാഗം

**II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

1. മാതൃഭാഷ - ജീവത്ഭാഷ
2. വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ
3. മാറുന്ന ലോകവും മാനവികതയും.

**III. ജൈവ പച്ചക്കറിമേഖലയെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി പ്രമുഖ പത്രത്തിന് ഒരു കത്ത് തയ്യാറാക്കുക.** **8**

## സി. വിഭാഗം

**IV. പ്രയോഗം മാറ്റുക.** **2**

1. കുമാർമാമ പൈസയ്ക്കുവേണ്ടി ശാന്ത മുത്തശ്ശിയെ ശല്യപ്പെടുത്തും.
2. മണ്ണു മൂടുന്നതിന് മുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പനാൽ ഒരു നോക്കു കാണപ്പെട്ടു.

**V. അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക.** **2**

1. അർജുനൻ അവരെ കണ്ട ഉടനെ തന്റെ അസ്ത്രത്തെ സത്വരം പ്രതിസംഹരിച്ചു.
2. ചവൾഗാവിൽ പഠനമല്ലാതെ മറ്റൊരു കാര്യത്തിലും ഇടപെടാൻ എനിക്കു കഴിഞ്ഞില്ല.

**VI. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **2**

1. മത്സരാദ്യം 2. കരിന്തിരി

**VII. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.** **2**

1. ശാശ്വതലോകം 2. നീലിമണ്ണാത്തി

**VIII. പര്യായപദങ്ങൾ എഴുതുക.** **2**

1. മതിൽ 2. പാമ്പ്

**IX. നാനാർത്ഥപദങ്ങൾ എഴുതുക.** **2**

1. മുടി 2. കൊമ്പ്

**X. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2**

1. തന്റെ മാതാവിന്റെ വാക്കുകൾ അനുസ്മരിച്ച് പശ്ചാത്തപിക്കുകയായിരിക്കും എന്നു കരുതി ഞാനൂഹിച്ചു.
2. "അതുകൊണ്ട് നിന്നെ ശസ്ത്രം കൊണ്ടും ആയുധം കൊണ്ടും കൊന്നുകൂടാ" – ദ്രൗണി പറഞ്ഞു.

**ബ്രാക്കറ്റിൽനിന്നു ശരിയായ ഉത്തരമെടുത്തെഴുതുക.**

**XI. വിപരീതപദമെഴുതുക.** **1**

1. ഹിതം (സഹിതം, അഹിതം, വിഹിതം)
2. ക്ഷയം (നശ്വം, വൃദ്ധി, ശാശ്വതം)

**XII. അർത്ഥവ്യത്യാസമെഴുതുക.** **1**

1. പ്രമാദം – പ്രമദം (വളരെ, തെറ്റ്, അസൂയ, സന്തോഷം)
2. നിനവ് - നിറവ് (ഓർമ്മ, മറവി, നിറഞ്ഞ, ക്ഷമ)

**XIII. എതിർലിംഗമെഴുതുക.** **1**

1. കവി (കവിയത്രി, കവയിത്രി, കവയത്രി)
2. ഭവാൻ (ഭഗവാൻ, ഭവതി, ഭഗവതി)

## ഡി. വിഭാഗം

**XIV. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** 2½

1. മോക്ഷാർത്ഥി ചെയ്യേണ്ടത് എന്ത്?
   (ധനം നേടണം, കോപം അടക്കണം, വിദ്യ നേടണം, കലാകാരൻ ആകണം)
2. 'നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു' – ആര്?
   (രാക്കട, വിദ്യാലയം, തെരുവീഥികൾ, ജില്ലാശുപത്രി)
3. "ഞാൻ എനിക്ക് വേണ്ടി മരിച്ചവരുടെ ഒപ്പം എത്തുവാൻ വെമ്പുകയാണ്" –
   ആരുടേതാണീ വാക്കുകൾ?
   (ധൃഷ്ടദ്യുമ്നൻ, കർണ്ണൻ, ദുര്യോധനൻ, ദ്രോണർ)
4. അമ്മത്തൊട്ടിൽ ആരുടെ കൃതിയാണ്.
   (കുറ്റിപ്പുഴ, റഫീക്ക്, അഹമ്മദ്, വി. മധുസൂദനൻ നായർ, വയലാർ)
5. ധർമ്മത്തെ ക്ഷയിപ്പിക്കുന്നത് എന്താണ്?
   (അഹങ്കാരം, കോപം, അവിദ്യ, സമ്പത്ത്)

**XV.** 2½

1. സർവ്വഭൂതാത്മാവ് ആര്?
   (ഭീഷ്മർ, നാരദൻ, അർജുനൻ, കർണ്ണൻ)
2. ചവറുകൾക്ക് പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നു എനിക്ക് തോന്നി – ഇവിടെ സൂചിതമായ ആശയം.
   (ചവറുകൾക്ക് തൂക്കമില്ല, ചവറുകൾക്ക് വിശപ്പകറ്റാൻ കഴിയും, വിശപ്പിന്റെ കാഠിന്യം, പരിഹാസം)
3. 'അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപോലെ കഴുത്തിൽ ചുറ്റിമുറുകി' – ആരുടെ?
   (കഥാകൃത്തിന്റെ, വെള്ളായിയപ്പന്റെ, കണ്ടുണ്ണിയുടെ, പാറാവുകാരന്റെ)
4. അശ്വത്ഥാമാവ് ചവിട്ടിക്കൊന്നതാരെ?
   (ഭീമനെ, സഹദേവനെ, ധൃഷ്ടദ്യുമ്നനെ, ദുശ്ശാസനനെ)
5. അക്കർമാശി മലയാളത്തിൽ വിവർത്തനം ചെയ്തത് ?
   (കെ. ദാമോദരൻ, കാളിയത്ത് ദാമോദരൻ, എം.പി. പോൾ, ശരൺകുമാർ ലിംബാളെ)

**XVI. ഉത്തരം എഴുതുക.** 24

1. "ചക്ഷുഃശ്രവണഗളസ്ഥമാം ദർദുരം
   ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
   കാലാഹിനാ പരിഗ്രസ്ഥമാം ലോകവു–
   മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു" –
   'കാലാഹി' എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത് ? വിശദീകരിക്കുക.
2. അമ്മയുടെ കണ്ണുകളെ മങ്ങിപ്പഴകിയ പിഞ്ഞാണവർണത്തോട് ഉപമിച്ചിരിക്കുന്നത് എന്തുകൊണ്ടാവാം?
3. പാണ്ഡവർ നേടിയ വിജയത്തെ 'വല്ലപാടും നേടിയ വിജയം', എന്ന് ലേഖകൻ വിശദീകരിച്ചതിന്റെ ഔചിത്യമെന്ത്?
4. വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെയെല്ലാം?
5. 'എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പത് രൂപയേക്കാൾ എത്രയോ വലുതായിരുന്നു' – വിശദീകരിക്കുക.

6. “അതിനെ, അവനെ എപ്പോഴും എവിടെയും കരുതിയിരുന്നു കൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കല്പിച്ചതിന്നർഥം” – പാഠമേത്? ഈ പ്രസ്താവനയോട് നിങ്ങളുടെ പ്രതികരണം എഴുതുക.

**XVII. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **8**

1. ചട്ടമ്പി സ്വാമികളുടെ വിവേകാനന്ദനുമായുള്ള സമാഗമം എങ്ങനെയെന്ന് വിവരിക്കുക.
2. വിദ്യാർത്ഥിയായിരുന്ന കുഞ്ഞന്റെ സ്വഭാവസവിശേഷതകൾ എന്തെല്ലാമായിരുന്നു?

OR

കുഞ്ഞൻപിള്ളയെ ദിവാൻ കണക്കെഴുത്തുപിള്ളയായി നിയമിക്കാനുണ്ടായ സാഹചര്യം വിശദമാക്കുക.